# സി.കെ.ചന്ദ്രപ്പൻ അനുസ്മരണ സമ്മേളനം



അനുസ്മരണ സമ്മേളനം കേരള ഹൈക്കോടതി ജ്ഡ്ജി ജസ്റ്റീസ്
വി.ജെ.അരുൺ ഉദ്ഘാടനം ചെയ്യുന്നു

സി.കെ.ചന്ദ്രപ്പൻ സെന്റർ ഫോർ സോഷ്യൽ ജസ്റ്റീസിന്റെ ആഭിമുഖ്യത്തിൽ സി.കെ.ചന്ദ്രപ്പന്റെ 11–ാമത് ചരമവാർഷിക ദിനമായ 2023 മാർച്ച് 22–ന് അനുസ്മരണ സമ്മേളനം സംഘടിപ്പിച്ചു.

എറണാകുളം ഇടപ്പള്ളി ചങ്ങമ്പുഴ പാർക്കിൽ സംഘടിപ്പിച്ച സമ്മേളനം കേരള ഹൈക്കോടതി ജ്ഡ്ജി ജസ്റ്റീസ് വി.ജെ.അരുൺ ഉദ്ഘാടനം ചെയ്തു. പ്രൊഫ.എം.കെ.സാനു ചന്ദ്രപ്പൻ അനുസ്മരണ പ്രഭാഷണം നടത്തി. 'ഇൻഡ്യൻ ഭരണഘടനയിലെ സാമൂഹ്യ ദർശനം' എന്ന വിഷയത്തെ അധികരിച്ച് സുനിൽ പി.ഇളയിടം പ്രഭാഷണം നടത്തി.

സി.കെ.ചന്ദ്രപ്പൻ ഫൗണ്ടേഷൻ പ്രസിഡന്റ് കെ.പി.രാജേന്ദ്രൻ അദ്ധ്യക്ഷത വഹിച്ച സമ്മേളനത്തിൽ അഡീഷണൽ അഡ്വ. ജനറൽ കെ.പി.ജയചന്ദ്രൻ, സി.പി.ഐ.ജില്ല സെക്രട്ടറി കെ.എം.ദിനകരൻ എന്നിവർ സംസാരിച്ചു. ഫൗണ്ടേഷൻ സെക്രട്ടറി അഡ്വ. പി.എ.അസീസ് സ്വാഗതവും വർക്കിംഗ് പ്രസിഡന്റ് അഡ്വ.മോട്ടിലാൽ നന്ദിയും പറഞ്ഞു.




സെക്രട്ടറി അഡ്വ.പി.എ.അസീസ് സംസാരിക്കുന്നു. കെ.പി.രാജേന്ദ്രൻ, ജസ്റ്റീസ് വി.ജെ.അരുൺ,
പ്രൊഫ്.എം.കെ.സാനു, സുനിൽ പി.ഇളയിടം, അഡീഷണൽ അഡ്വ.ജനറൽ കെ.പി.ജയചന്ദ്രൻ,
കെ.എം.ദിനകരൻ, അഡ്വ.മോട്ടിലാൽ എന്നിവർ വേദിയിൽ